(ബി) ഈ പ്രവൃത്തിക്ക് നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ലക്ഷം രൂപയുടെ സഹായമാണ് ലഭിച്ചിട്ടുള്ളത് ;

(സി) പ്രവൃത്തിക്കാവശ്യമായ സിമന്റും കമ്പിയും കരാറുകാരന് ലഭ്യമാക്കുന്നതിനാവശ്യമായ പണം നൽകുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിൻമേൽ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്ററിന്റെ അവസാനഘട്ട പണിയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) ഈ പ്രവൃത്തിക്ക് നബാർഡിൽ നിന്നും 13.7 ലക്ഷം രൂപയുടെ സഹായം ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കണക്കിനത്തിൽ മൊത്തം 9.20 ലക്ഷം രൂപ മഞ്ചേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) കൈക്കൊള്ളുന്നതാണ്.

**പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

**38 (2593)** ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ എന്ന പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

**ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

**39 (2594)** ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly